# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.07.2016 - ൽ**

**ചോദ്യം നമ്പർ: 1089** **മറുപടിക്ക്**

### നീര വിപണിയിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** മുൻ സർക്കാരിന്റെ കാലത്ത് നീര വിപണിയിലെത്തിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്; വിശദമാക്കുമോ; | **എ)** നാളികേര വികസന കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ ഏലത്തൂരും, കണ്ണൂർ ജില്ലയിലെ ആറളത്തും നീര ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നു. |
| **ബി)** എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | **ബി)** തെങ്ങിൽ നിന്ന് നീരയും നീരയിൽ നിന്നുള്ള മറ്റുമൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിലെത്തിക്കുന്നതിലൂടെ കേര കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ ലഭ്യമായിട്ടുള്ള പ്രകൃതിദത്തവും ലഹരിവിമുക്തവും ആരോഗ്യദായകവുമായ പാനീയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നു. |
| **സി)** ഇതു നടപ്പിലാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ? | **സി)** നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 22/06/15-ലെ സ.ഉ.(എം.എസ്.)നം.111/2015/ കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**